പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 415 27.09.2016-ൽ മറുപടിയ്ക്ക്


# വൈദ്യുതി ലഭ്യമല്ലാത്ത മേഖലകൾ

| ചോദ്യം | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| **ശ്രീ.പി.ടി. തോമസ്**<br>**ശ്രീ. വി.ടി.ബൽറാം :** | |
| (എ) വൈദ്യുതി ലഭ്യമല്ലാത്ത മേഖലകൾ, വീടുകളുടെ എണ്ണം എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) വൈദ്യുതി ലഭ്യമല്ലാത്ത വീടുകളുടെ എണ്ണം കണക്കാക്കിയിട്ടില്ല. വൈദ്യുതി കണക്ഷനു വേണ്ടി ബോർഡിൽ ഇതിനകം ലഭിച്ചിട്ടുള്ള അപേക്ഷകളിൽ വൈദ്യുതി ലഭ്യമല്ലാത്ത താഴെ പറയുന്ന മേഖലകൾ ഉൾപ്പെടുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ ആദിവാസി സെറ്റിൽമെന്റിൽപ്പെട്ട കമലകം, പൊടിയം, കൊമ്പിടി, മുക്കോത്തിവയൽ, പട്ടാണിപ്പാറ, പോത്തോട്, ഇരുമ്പിയാട്, അണകാൽ, പ്ലാത്ത്, ചെരുമാങ്കൽ, ആമോട്, കന്നത്തേരി, പാറ്റംപാറ, വിതുര - പെരിങ്ങൻമല പഞ്ചായത്തിൽപ്പെട്ട കാരോട്, ദൈവക്കൽ, തണ്ണിപ്പെട്ടി, കളത്തോട്, കരിക്കകം, ഇടിമടങ്ങ്, ഇട്ടിമൂല, വെണ്ണകപ്പാറ, കണ്ണണ്ണി, കാരടി, കൈത എന്നീ പ്രദേശങ്ങളും, കൊല്ലം ജില്ലയിലെ കോടന്നൂർ, താഴെമീങ്കുളം, റോസ്മല, മൈലാടി, അമ്മയമ്പലം ചതുപ്പ്, സൊസൈറ്റിമുക്ക് കോളനി മൊക്ക, ചീനിക്കാല, ആനക്കുളം, ചെറ്റടി, പാലക്കുളം, ചാത്തന്മല, മൊട്ടൻ മൂട്, വട്ടക്കരിക്കകം എന്നീ സ്ഥലങ്ങളും, പത്തനംതിട്ട ജില്ലയിലുള്ള ആവണിപ്പാറ കോളനി, ചീപ്പൻകുഴി, മൂന്നുമല എന്നീ സ്ഥലങ്ങളും, കാസ്റഗോഡ് ജില്ലയിലെ നെല്ലിത്തട്ട്, ചേനംകോട്, കണ്ണൂർ ജില്ലയിലെ ഇലമാങ്കൽ |

കോളനി, താഴെചീക്കാട്, മധുവനം, മേലെചീക്കാട് എന്നിവയും വയനാട് ജില്ലയിലെ പരപ്പൻപാറ, ചെട്ടിയലത്തൂർ, പങ്കളം, കണ്ടൂർ, കപ്പാട്, മണിമുണ്ട, പുത്തൂർ, തെക്കുംപാറ്റ, ചുള്ളിക്കാട്, നാഗമനഗജകാട്, മധ്യപടി, മണൽവയൽ, കോഴിക്കോട് ജില്ലയിലെ കല്ലാനോട്, പെരിയമല ഏരിയ, കക്കയം ഡാം സൈറ്റ്, മലപ്പുറം ജില്ലയിലെ മാഞ്ചിരി, അച്ചനള്ള, പെരിയം, പാലക്കാട്ട ജില്ലയിലെ മണ്ണാർക്കാട്, അട്ടപ്പാടി, പള്ളിപ്പാറ, കട്ടളപ്പാറ, ചെറുനെല്ലി, പെരിയചോല, പോത്തന് കോട്, പാലക്കുഴി, ചൂരുപാര എന്നീ സ്ഥലങ്ങളും, തൃശ്ശൂർ ജില്ലയിലെ അരേക്കാപ്പ്, വെട്ടിവിട്ടകാട് എന്നീ കോളനികളും, എറണാകുളം ജില്ലയിലെ തെരവാരിയം, മറിയംപെട്ടി, തലച്ചവടപ്പാറ, പൊങ്ങന്ച്ചവട്, ഇടുക്കി കോളനി, ആലപ്പുഴ ജില്ലയിലെ മാട്ടേത്തുരുത്ത്, ഇടുക്കി ജില്ലയിലെ ഇടമലക്കുടി, മറയൂർ, കാന്തല്ലൂർ, വട്ടവട, മൂന്നാർ, രാജകുമാരി, സേനാപതി, ചാന്തൻപാറ, ചിന്നക്കനാൽ, തുടങ്ങിയ പ്രദേശങ്ങളിലെ കോളനി- കളിലും വൈദ്യുതി പൂർണമായും എത്തിയിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| | |
|---|---|
| (ബി) സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) 31.03.2017-ഓടു കൂടി സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ഉദ്ദേശത്തോടു കൂടി സമ്പൂർണ വൈദ്യുതീകരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഗുണഭോക്താക്കളെ കണ്ടെത്താനായി വിപുലമായ തയ്യാറെടുപ്പുകൾ സർക്കാരും കെ.എസ്.ഇ.ബി.എൽ.-ഉം നടത്തിയിട്ടുണ്ട്. ലഭിച്ച വിവരങ്ങൾ ഉപയോഗിച്ച് ഗുണഭോക്താക്കളുടെ കരട് പട്ടിക 9-9-2016-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ ചൂണ്ടിക്കാണി ക്കപ്പെടുന്ന പിഴവുകൾ ഒഴിവാക്കിയും വിട്ടുപോയിട്ടുള്ള ഗുണഭോക്താക്കളെ ഉൾക്കൊള്ളി |

ച്ചുമുള്ള അന്തിമ പട്ടിക 2016 സെപ്റ്റംബർ അവസാനത്തോടുകൂടി പ്രസിദ്ധീകരിക്കുന്നതാണ്. പദ്ധതി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് 2016 സെപ്റ്റംബർ അവസാനത്തോടുകൂടി തയ്യാറാക്കാനും പ്രവൃത്തികൾക്കുള്ള ഫണ്ട് ലഭ്യമാകുന്ന മുറക്ക് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാനും ആണ് ലക്ഷ്യമിടുന്നത്.

Hemalatha

**സെക്ഷൻ ഓഫീസർ**